**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് മതിയായ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട് മെന്റുകൾ നടന്നു വരുന്നത്.<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മലബാർ മേഖലയിൽ പ്രതിസന്ധി ഉള്ളതായി പരാതി ലഭിച്ചിട്ടില്ല. മലബാർ മേഖലയിൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമാണ് ഉള്ളത്. |
| (ബി) | എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുപോലും പ്ലസ് വണ്ണിന് ഇഷ്ടകോഴ്സും സ്ഥാപനവും ലഭിക്കുന്നില്ല എന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഈ വർഷം മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി പാസായ 79,748 വിദ്യാർത്ഥികളിൽ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചത് 12,525 വിദ്യാർത്ഥികൾക്കാണ്. മലപ്പുറം ജില്ലയിൽ സയൻസ് കോമ്പിനേഷനിൽ സർക്കാർ സ്കൂളുകളിൽ 12,480 സീറ്റുകളും എയ്ഡഡ് സ്കൂളുകളിൽ 11,530 സീറ്റുകളും ലഭ്യമാണ്. ഇത്തരത്തിൽ പൊതു വിദ്യാലയങ്ങളിൽ മാത്രം സയൻസ് കോമ്പിനേഷനിൽ മാത്രം 24,010 സീറ്റുകൾ ലഭ്യമാണ്. അൺ-എയ്ഡഡ് സ്കൂളുകളിലെ 4,636 സയൻസ് സീറ്റുകളും കൂടി കണക്കാക്കിയാൽ |

| | | | |
|---|---|---|---|
| | | | ആകെ 28,646 സയൻസ് സീറ്റുകൾ ലഭ്യമാണ്. മലബാർ മേഖലയിലെ മറ്റ് ജില്ലകളുടെ സ്ഥിതിയും ഇത്തരത്തിലാണ്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളതിനേക്കാൾ അധികം സയൻസ് സീറ്റുകൾ ലഭ്യമാണ്.<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഈ വർഷം എല്ലാ വിഷയത്തിനും A+ നേടിയ 3340 വിദ്യാർത്ഥികളാണ് ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളത്. ഒന്നും രണ്ടും അലോട്ട്മെന്റിന് ശേഷം 3251 വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ പ്രവേശനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 89 വിദ്യാർത്ഥികൾക്ക് അടുത്ത അലോട്ട്മെന്റിൽ പ്രവേശനം നൽകുന്നതാണ്. |
| (സി) | അധിക ബാച്ചുകൾ അനുവദിച്ചും ഡിവിഷനുകൾ, സീറ്റുകൾ എന്നിവ വർദ്ധിപ്പിച്ചും ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. സ.ഉ. (കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത് അനുസരിച്ചാണ് മുഖ്യഘട്ട അലോട്ട് മെന്റുകൾ നടന്നു വരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ ഏകീകരണം സംബന്ധിച്ച നയരൂപീകരണം അന്തിമഘട്ടത്തിൽ ആയതിനാൽ 2024-25 അക്കാദമിക വർഷത്തിൽ വി.എച്ച്.എസ്.ഇ യിൽ അധിക ബാച്ചുകളും പുതിയ സ്കൂളുകളും അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ